# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4493 — 26.06.14 ൽ - മറുപടിക്ക്

## ഭക്ഷ്യ വിതരണത്തിനായി എൻഡ് ടു എൻഡ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,, കെ. മുരളീധരൻ<br>,, റ്റി. എൻ. പ്രതാപൻ<br>,, വി. പി. സജീന്ദ്രൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യവിതരണത്തിനായി 'എൻഡ് ടു എൻഡ്' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനത്തിന്റെ സമഗ്ര നവീകരണത്തിന്റെ ഭാഗമായി **End to End Computerisation** നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വകുപ്പുതലത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് മന്ത്രിസഭയുടെ അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രാരംഭ നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുകയാണ്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഈ പദ്ധതി വഴി കൈവരിക്കുവാനുദ്ദേശിക്കുന്നത് ചുവടെ പറയുന്ന ഘടകങ്ങളാണ്.<br>1) റേഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുക<br>2) എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള വിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുകയും, ഭക്ഷ്യധാന്യങ്ങൾ സർക്കാർ സംവിധാനത്തിലൂടെ നേരിട്ട് എ.ആർ.ഡി.കളിൽ എത്തിക്കുന്നതിനുമുള്ള സംവിധാനം ഒരുക്കുക.<br>3) എ.ആർ.ഡി. നവീകരണത്തിലൂടെ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് റേഷൻകടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം തയ്യാറാക്കുക.<br>4) ഗുണഭോക്താവിന് സുതാര്യമായ പരാതി പരിഹാര സംവിധാനം ഒരുക്കുക. |

| | | | |
|---|---|---|---|
| (സി) | റേഷൻ വിതരണത്തിന് പ്രസ്തുത പദ്ധതിപ്രകാരം എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുളളത്; വിശദമാക്കുമോ; | (സി) | ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ പൊതുവിതരണ സംവിധാനം കൂടുതൽ കാര്യക്ഷമവും സുതാര്യവും ആകും. ഇതിലൂടെ പൊതുവിതരണ സംവിധാനത്തിലെ കരിഞ്ചന്തയും പൂഴ്ത്തിവെയ്പ്പും, തിരിമറിയും, പൂർണ്ണമായും തടയാൻ സാധിക്കുന്നതോടൊപ്പം റേഷൻ ഗുണഭോക്താക്കൾക്ക് സർക്കാർ അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും ഒരു തടസ്സവുമില്ലാതെ ലഭിക്കുന്നതാണ്. |
| (ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) | പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുളള സ്റ്റേറ്റ് അപ്പക്സ് കമ്മിറ്റി, ഭക്ഷ്യ സെക്രട്ടറി അദ്ധ്യക്ഷനായുളള സ്റ്റേറ്റ് പ്രോജക്ട് ഇ-മിഷൻ ടീം, സിവിൽ സപ്ലൈസ് കമ്മീഷണർ അദ്ധ്യക്ഷനായുളള ടെക്നിക്കൽ കമ്മിറ്റി എന്നിവ ഭരണ തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധിതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നോഡൽ ഓഫീസറായി സിവിൽ സപ്ലൈസ് കമ്മീഷണറെ നിയോഗിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് മന്ത്രിസഭയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനുളള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ